കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 17 | മേയ് 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 ദേശീയതല കൊക്കോ പരിശീലന പരിപാടി കെഎയുവിയിൽ ആരംഭിച്ചു

4 വാഴയുടെ ഇലപ്പുള്ളി രോഗം – നിയന്ത്രണം വൈകരുത്

7 എന്റെ കേരളം 2025 പ്രദർശന മേളയിൽ താരമായി കൃഷിവകുപ്പ് സ്റ്റാളുകൾ

## കുട്ടനാട്ടിൽ നെല്ല് സംഭരണത്തിനായി 3 കോടി അനുവദിച്ച് കൃഷി വകുപ്പ്

കുട്ടനാടിലെ ചില പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറിയതിനെ തുടർന്ന് നെല്ലിന്റെ ഗുണനിലവാരത്തിൽ കുറവ് സംഭവിച്ചതിനാൽ നെല്ല് സംഭരിക്കുന്നത് പ്രയാസമായി മാറുകയുണ്ടായി. സപ്ലൈകോയുമായി സംഭരണത്തിന് കരാറിൽ ഏർപ്പെട്ട മില്ലുകൾ ഈ നെല്ല് സംഭരിക്കാൻ തയ്യാറാകാതിരുന്നതിനെ തുടർന്ന് ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായി. മില്ലുകൾ പിൻമാറിയ സാഹചര്യത്തിൽ കർഷകർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ കൃഷി വകുപ്പ് നേരിട്ട് നെല്ല് സംഭരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനായി കൃഷി വകുപ്പിന് 3 കോടി രൂപ പ്രത്യേക പാക്കേജായി സർക്കാർ അനുവദിച്ചു.

കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളിൽപ്പെട്ട പുഞ്ചകൃഷിയിൽ ഉപ്പ് വെള്ളം കയറിയതിനെ തുടർന്നാണ് നെല്ലിന്റെ ഗുണനിലവാരം കുറഞ്ഞ സാഹചര്യം ഉണ്ടായത്. പുന്നപ്ര നോർത്ത്, ആലപ്പുഴ മുനിസിപ്പാലിറ്റി, തകഴി, കരുവാറ്റ, അമ്പലപ്പുഴ സൗത്ത്, നെടുമുടി, കൈനകരി, പുളിങ്കുന്ന് തുടങ്ങിയ പഞ്ചായത്തുകളിൽ ഉൾപ്പെട്ട 70 ഓളം പാടശേഖരങ്ങളിലാണ് ഉപ്പ് വെള്ളം കയറി ഭീഷണി നേരിട്ടത്. ലവണാംശം കൂടിയത് നെൽകൃഷിയെയും, ഉല്പാദനക്ഷമതയേയും സാരമായി ബാധിച്ചു. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിലെ നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഉല്പാദിപ്പിക്കപ്പെട്ട നെല്ലിന് ഗുണനിലവാരം കുറയുന്ന സാഹചര്യവും തന്മൂലം സംഭവിച്ചിട്ടുണ്ട്.

ഉപ്പ് വെള്ളം കയറിയ പാടശേഖരങ്ങളിൽ ഉല്പാദിപ്പിച്ച നെല്ലിന് MSP/ PDS (Minimum Support Price/ Public Distribution System) പ്രകാരം നിശ്ചയിച്ചിട്ടുള്ള FAQ (Fair Average Quality) നിലവാരം ഇല്ലാത്ത സാഹചര്യത്തിൽ സപ്ലൈക്കോ മുഖേനയുള്ള നെല്ല് സംഭരണം സാധ്യമാവാതെ വന്ന സാഹചര്യത്തിൽ സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൃഷിവകുപ്പ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മുഖേന ഈ നെല്ല് സംഭരിക്കുന്നത്.

ഇതിന്റെ ഗുണ നിലവാരം കൃഷി വകുപ്പ് ഉറപ്പാക്കി കൃഷി വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന തുക സംഭരണ വിലയായി ലഭ്യമാക്കും. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കൃഷി നാശത്തിന്റെ നഷ്ടപരിഹാരം നിശ്ചയിക്കുവാൻ കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊയ്തെടുത്ത നെല്ലിൽ FAQ (Fair Average Quality) നിലവാരമുള്ള നെല്ല് സപ്ലൈകോയുടെ നിലവിലുള്ള സംഭരണ പ്രക്രിയയിലൂടെ സംഭരിക്കുന്നതാണ്.

സപ്ലൈക്കോയുടെയും കൃഷിവകുപ്പിന്റെയും പ്രതിനിധികൾ ചേർന്നായിരിക്കും സംഭരിക്കേണ്ട നെല്ലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുക. ഇത്തരത്തിൽ ശേഖരിക്കുന്ന നെല്ല് വിപണി സാധ്യതകളുള്ള ഉപോല്പന്നങ്ങളാക്കുന്നതിനും ബാക്കിയുള്ളവ ലേലം ചെയ്യുന്നതിനുമാണ് നിർദേശം കൊടുത്തിട്ടുള്ളത്. നിശ്ചയിക്കുന്ന സംഭരണ വില കർഷകന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രതിസന്ധി നേരിട്ട പാടശേഖരങ്ങളിലെ നെല്ല് സംഭരിക്കുന്നതിനും നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും സപ്ലൈക്കോ മാനേജിങ് ഡയറക്ടർ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പ്രതിനിധിയായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി. പ്രതിസന്ധി നേരിട്ട മേഖലകളിൽ ഒരാഴ്ചക്കകം നടപടികൾ പൂർത്തീകരിച്ച് നെല്ല് സംഭരണം പൂർത്തീകരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

# വർക്കല മൃഗശുപത്രിയുടെ ശിലാസ്ഥാപനം നടത്തി



വർക്കല മൃഗശ്ശൂപത്രിയുടെ ശിലാസ്ഥാപനം 15/5/2025 ന് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശശികല എസ് ന്റെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വക്കേറ്റ് സ്മിത സുന്ദരേശൻ തറകല്ലിട്ടു. 70 ലക്ഷം രൂപ ചിലവിൽ നിർമിക്കുന്ന ആശുപത്രി യുടെ ആദ്യ ഘട്ടം പണിക്കായ് ബ്ലോക്ക് പഞ്ചായത്തും ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തും

ചേർന്ന് തുക വകയിരുത്തിയിട്ടുണ്ട്.യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ലെനിൻ രാജ് മുഖ്യ പ്രഭാഷണം നടത്തി. തിരുവനന്തപുരം ജില്ലാ മൃഗ സംരക്ഷണ ഓഫീസർ Dr പി. സ് ശ്രീകുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, Dr ലേഖ ജോർജ് സീനിയർ വെറ്ററിനറി സർജൻ,ജെസ്ന അസിസ്റ്റന്റ് എഞ്ചിനീയർ. ശ്രീ ആരിഫ്ഫദീൻ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിൽ മെയ് 31 ന് വിരമിക്കുന്ന Dr പി. സ് ശ്രീകുമാർ സർ ന് വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ ആദരവ് നൽകി



# ദേശീയതല കൊക്കോ പരിശീലന പരിപാടി കെഎയുവിയിൽ ആരംഭിച്ചു



കൊക്കോ കൃഷിയിലെ പുതിയ സാധ്യതകൾ പരിഗണിച്ച് കേരള കാർഷിക സർവകലാശാലയുടെ (കെഎയു) കൊക്കോ ഗവേഷണ കേന്ദ്രവും (CRC), കശുവണ്ടി-കൊക്കോ വികസന ഡയറക്ടറേറ്റും (DCCD, കൊച്ചി) ചേർന്ന് സംഘടിപ്പിക്കുന്ന ദേശീയതല പരിശീലന പരിപാടിക്ക് വെള്ളാനിക്കരയിൽ തുടക്കം കുറിച്ചു.

പരിപാടിയുടെ ഉദ്ഘാടനം കെഎയുവിന്റെ എക്സ്റ്റൻഷൻ ഡയറക്ടറായ ഡോ. ജേക്കബ് ജോൺ നിർവഹിച്ചു. അദ്ദേഹം പരിശീലന മാനവൽ പ്രകാശനം ചെയ്യുകയും, ഇന്ത്യയിലെ കൊക്കോ ഉത്പാദന സാധ്യതകളും സംരംഭകത്വ സാധ്യതകളും പങ്കുവെച്ചു. ഡോ. കെ.എൻ. അനിത് (ഗവേഷണ ഡയറക്ടർ, കെഎയു) മുഖ്യപ്രഭാഷണത്തിൽ പങ്കെടുത്തപ്പോൾ, ഗവേഷണ മേഖലയിലെ പുരോഗതികളെക്കുറിച്ചും വിവരിച്ചു.

മെയ് 12 മുതൽ 14 വരെ നടക്കുന്ന ഈ മൂന്നുദിവസത്തെ പരിപാടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ, കർഷകർ, സംരംഭകർ, വിപണന വിദഗ്ധർ എന്നിവർ പങ്കെടുക്കുന്നു. നാഗാലാൻഡ്, മേഘാലയ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളില്‍നിന്നുള്ള സംസ്ഥാന കാർഷിക വകുപ്പുകൾ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷനുകൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, വിവിധ കാർഷിക സർവകലാശാലകൾ എന്നിവയിൽ നിന്നുള്ള ഏകദേശം 55 ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

ഡോ. ഫെമിന (ഡയറക്ടർ, DCCD, കൊച്ചി) പരിപാടിയിൽ സന്നിഹിതരായവരെ സ്വാഗതം ചെയ്യുകയും ഇന്ത്യയിൽ കൊക്കോ ഉത്പാദന വിപുലീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും വിശദീകരിക്കുകയും ചെയ്തു.

പരിശീലനത്തിന്റെ ആദ്യദിനം ഡോ. ബി. സുമ (റിട്ട.), ഡോ. എളൈൻ അക്ഷര (ഐസിഎആർ-CPCRI), ഡോ. മിനിമോൾ ജെ .എസ്., ഡോ. അശ്വിനി, ഡോ. നജിത ഉമ്മർ, ഡോ. ദീപ ജെയിംസ് തുടങ്ങിയ വിദഗ്ധർ കൊക്കോയുടെ തൈകളുടെ ഗുണനിലവാരമുള്ള ഉത്പാദനം, നഴ്സറി മാനേജ്മെന്റ്, കാലാവസ്ഥ പ്രതിരോധശേഷിയുള്ള കൃഷിതന്ത്രങ്ങൾ, കീടരോഗ നിയന്ത്രണ മാർഗങ്ങൾ, പ്രോസസ്സിംഗ് തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടത്തി. മോണ്ടലീസ് ഇന്ത്യയുടെ പ്രതിനിധിയായ ശ്രീ. വിജയകുമാർ കൊക്കോ വ്യവസായ രംഗത്തെ സാധ്യതകൾ അവതരിപ്പിച്ചു.

മേയ് 13-ന് പരിശീലനാർത്ഥികൾക്ക് ഗവേഷണ കേന്ദ്രത്തിലെ പോളിക്ലോണൽ വിത്തുതോട്ടത്തിലേക്കും, ഫർമെന്റേഷൻ യൂണിറ്റിലേക്കും ഫീൽഡ് സന്ദർശനം സംഘടിപ്പിച്ചിട്ടുണ്ട്. അവസാനദിനമായ മേയ് 14-ന് APEDAയുടെ ശ്രീ. ധർമ്മറാവും, കാംപ്കോയുടെ ശ്രീ. ശ്രീനിവാസ കുഞ്ഞതായയും നയിക്കുന്ന സംവേദനങ്ങൾക്കൊപ്പം, സ്വയംതൊഴിൽ സംരംഭകത്വം വളർത്താനുള്ള പ്രചോദനകരമായ അനുഭവങ്ങൾ പങ്കുവയ്ക്കപ്പെടും. പരിശീലന പരിപാടി മെയ് 14-ന് സമാപിക്കും, അതോടൊപ്പം പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തപ്പെടും.

പരിശീലന പരിപാടി കെഎയുവും DCCD യും ചേർന്ന് ദേശീയതലത്തിൽ സംഘടിപ്പിക്കുന്നതിൽ നിക്ഷിപ്തമായ പ്രതിബദ്ധതയുടെ പ്രതീകമാണ്. ഇന്ത്യൻ കൊക്കോ മേഖലയെ പുതുനിലവാരത്തിലേക്ക് നയിക്കുന്നതിനുള്ള പ്രധാന പടിയായി ഈ സംരംഭം മാറുമെന്ന് പ്രതീക്ഷിക്കുന്നതായും അധികൃതർ അറിയിച്ചു.

# വാഴയുടെ ഇലപ്പുള്ളി രോഗം – നിയന്ത്രണം വൈകരുത്

ഓണവിപണി ലാക്കാക്കിയുള്ള വാഴകൃഷി കേരളത്തിൽ ഉഷാറായി നടന്നുവരികയാണല്ലോ. വേനൽക്കാലത്ത് ചൂടിൽ നിന്ന് രക്ഷിക്കാൻ തുള്ളി നനയായും ചാലുവഴിയും വെള്ളം നൽകി വാഴയെ സംരക്ഷിക്കാൻ പാടുപെടുന്ന കർഷകന് മഴ പെയ്യുമ്പോൾ ഒരു ആശ്വാസമാണ്. നന നിർത്താമല്ലോ എന്ന ആശ്വാസം. പക്ഷേ അപ്പോൾ അതാ വരുന്നു മഞ്ഞളിപ്പും പട്ടകരിച്ചിലും. ആകെ പൊല്ലാപ്പായി. അതെ ഒരു പൊല്ലാപ്പ് തന്നെയാണ് നേന്ത്രവാഴയിലെ സിഗറ്റൊക്ക ഇലപുള്ളി രോഗം. ജാഗ്രതൈ!!

ഇത് മഴക്കാലെത്ത രോഗമാണ്. പക്ഷേ, വേനൽക്കാലത്ത് മഴ പെയ്യുമ്പോൾ ഈ രോഗം ആരംഭിക്കും. പിന്നീട് രോഗം വർദ്ധിച്ച് മഴക്കാലം തീരുന്നതുവരെ നീണ്ടുനിൽക്കുകയും ചെയ്യും. നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കാതിരുന്നാൽ ഇലകൾ കരിഞ്ഞുണങ്ങും. അതുകൊണ്ട് കുലയുടെ തൂക്കം 30 ശതമാനത്തോളം കുറയും. മൂപ്പാകുന്നതിനു മുൻപു തന്നെ കായ പഴുക്കും. കേരളത്തിൽ കൃഷി ചെയ്തുവരുന്ന നേന്ത്രൻ ഇനങ്ങളിൽ ഭൂരിഭാഗത്തിനും രോഗപ്രതിരോധശേഷിയില്ല എന്നതാണ് വാസ്തവം. റോബസ്റ്റ ഇനത്തിനും ഈ രോഗം കൂടുതലായി കാണുന്നു. ചെറു പഴങ്ങളായ പൂവൻ, പാളയംകോടൻ ഇനങ്ങൾക്കും രോഗം ഉണ്ടാകാറുണ്ട്. തവിട്ടുനിറത്തിലുള്ള ചെറിയ പുള്ളികളായാണ് രോഗം ആരംഭിക്കുക. പുള്ളികൾക്ക് ചുറ്റും മഞ്ഞ വലയം ഉണ്ടായിരിക്കും. അടുത്തടുത്ത പുള്ളികൾ കൂടിച്ചേർന്ന് ഇല കരിയും. പുള്ളികൾ തവിട്ടു നിറം വിട്ട് ക്രമേണ ചാരനിറം ആകും. കരിഞ്ഞ ഇലകൾ പരിശോധിച്ചാൽ ചാരനിറത്തിലുള്ള ധാരാളം പുള്ളികൾ കാണാം. രോഗലക്ഷണം കണ്ടു ഇലകൾ കരിയുന്നതിന് ഒന്ന് രണ്ട് ആഴ്ച മാത്രമേ സമയം വേണ്ടതുള്ളൂ. കാലാവസ്ഥയ്ക്കും വാഴ ഇനത്തിനും അനുസരിച്ച് രോഗ വ്യാപനത്തിൽ വ്യത്യാസം ഉണ്ടാകാറുണ്ട്.



മൈക്കോസ് ഫൈയിറില്ല യൂമൂസെ എന്ന കുമിളാണ് രോഗം ഉണ്ടാക്കുന്നത്. ഇതിന്റെ വിത്ത്( കോണിഡിയ ) ആണ് രോഗം പരത്തുന്നത്. രോഗം ബാധിച്ച ഭാഗത്ത് നിന്നും ഉല്പാദിപ്പിക്കുന്ന കുമിളിന്റെ വിത്ത് അന്തരീക്ഷത്തിൽ വ്യാപിക്കുകയും തൊട്ടടുത്ത ഇലകളിൽ വീണ് അവിടെ രോഗം ഉണ്ടാക്കുകയും ചെയ്യും. അങ്ങനെ അന്തരീക്ഷത്തിൽ പരക്കുന്ന കോടിക്കണക്കിന് വിത്തുകൾ രോഗം അതിവേഗം തോട്ടത്തിൽ വ്യാപിക്കാൻ കാരണമാകും. ഇടവിട്ടുള്ള മഴ, ഉയർന്ന അന്തരീക്ഷ ഈർപ്പം എന്നിവ രോഗാണുവിന് ഏറ്റവും അനുകൂല ഘടകങ്ങളാണ്. അന്തരീക്ഷഘടകങ്ങളെ ആസ്പദമാക്കി സിഗറ്റോക്ക രോഗം മുൻകൂട്ടി പ്രവചിക്കാനുള്ള പരീക്ഷണങ്ങൾ കണ്ണാറ വാഴ കേന്ദ്രത്തിൽ നടന്നുവരുന്നുണ്ട് .

സിഗറേറാക്കരോഗം നിയന്ത്രിക്കാൻ ഫലപ്രദമായ മാർഗങ്ങൾ ലഭ്യമാണ്. രോഗം കുറവായി കാണുന്ന മഞ്ചേരി നേന്ത്രൻ രണ്ട് എന്നയിനം കൃഷി ചെയ്യുക, മിത്ര ബാക്ടീരിയ ആയ സ്യൂഡോമൊണാസ് ഫ്ലൂറസെൻസ് കുമ്പചാരവും (50 ഗ്രാം ഒരു ലിറ്റർ) ഇലയിൽ തെളിക്കാനും ( 10 ഗ്രാം ഒരു ലിറ്റർ) ഉപയോഗിക്കുക, ഗോമൂത്രം 10%, പെട്രോളിയം അധിഷ്ഠിത ധാതു എണ്ണ എന്നിവ ഇലയിൽ തളിക്കുക എന്നിവ വഴി രോഗത്തെ നിയന്ത്രിക്കാം.

ഫലപ്രദമായ രാസകുമിൾനാശിനികളും ലഭ്യമാണ്. ബോർഡോ മിശ്രിതം (1%) കാർബെൻഡാസിം (0.1%) പ്രൊപികൊണസോൾ (0.1%) ഡൈഫൻ കൊണസോൾ (0.1%) എന്നിവ ആണ്.

മരുന്നു തളിനടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഇലയുടെ 50% ഭാഗം കരിഞ്ഞിട്ടുണ്ടെങ്കിൽ ഇല മുറിച്ചു മാറ്റേണ്ടതാണ്.
2. രോഗതീവ്രത അനുസരിച്ച് 1- 3 ആഴ്ച ഇട വിട്ട് ഇലയിൽ മരുന്നു തളിക്കുക.
3. മരുന്ന് മാറിമാറി ഉപയോഗിക്കുക. രോഗത്തിന്റെ തുടക്കത്തിൽ അന്തർവ്യാപനശേഷിയുള്ള മരുന്നുകളും പിന്നീട് സ്പർശകശേഷിയുള്ള മരുന്നുകളും ഉപയോഗിച്ചാൽ കായയിൽ വിഷം ഉണ്ടായിരിക്കില്ല.
4. ചവിട്ടു പമ്പ് (റോക്കർ സ്പ്രയർ) ഉപയോഗിച്ച് വാഴയുടെയും മുകളിലെ ഇലകളിലും മരുന്നുകളി എത്തിക്കുന്നതിന് ശ്രദ്ധിക്കുക. പവർ സ്പ്രെയർ ഉപയോഗിച്ചാൽ ഇത് ഒരു പരിധി വരെ സാധ്യമാകും

# എന്റെ കേരളം 2025 – നവകേരള കാർഷിക കാഴ്ചകളുമായി കൃഷിവകുപ്പിന്റെ പ്രദർശന സ്റ്റാൾ



രണ്ടാം പിണറായി സർക്കാറിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് ഇടുക്കി ചെറുതോണി വാഴത്തോപ്പ് വിഎച്ച്എസ് സ്കൂൾ മൈതാനത്ത്ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന വിപണന മേളയിൽ ഒരുക്കിയ കൃഷി വകുപ്പിന്റെ സ്റ്റാളുകൾ ശ്രദ്ധേയമായി. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷി വകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവഭേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജികരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രേഷനും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെ പ്രദർശനവും മില്ലറ്റ് ഉൽപ്പന്നങ്ങളുടെ പ്രശദർശനവും ഒരുക്കിയിട്ടുണ്ട്. കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കി നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡസ്കുകളും തീം പവലിയനിൽ സജ്ജീകരിച്ചിട്ടുണ്ട്. വിളകളിലെ രോഗ കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ് ഹെൽത്ത് ക്ലിനിക്കും പ്ലാൻ ഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ 1000 സ്ക്വയർ ഫീറ്റിൽ കൃഷി വകുപ്പ് ഇടുക്കി ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന പങ്കാളിത്തം കൊണ്ട് ഉദ്ഘാടന ദിവസം തന്നെ സജീവമായി. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, എ.രാജ എംഎൽഎ എന്നിവർ സ്റ്റാളുകൾ സന്ദർശിച്ചു. പ്രദർശന വിപണനമേള മെയ് 5 ന് സമാപിക്കും.



# മൂവാറ്റുപുഴയുടെ കാർഷിക മേഖലയ്ക്ക് കാർഷികോത്സവം കരുത്തേകും : മന്ത്രി കെ രാജൻ



മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിക്കുന്ന മൂവാറ്റുപുഴ കാർഷികോത്സവം നാടിൻറെ കാർഷിക മേഖലയെ കൂടുതൽ കരുത്തുള്ളതാക്കി മാറ്റുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ ആരംഭിച്ച മൂവാറ്റുപുഴ കാർഷികോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കൃഷിവകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ വീടുകളുടെ മട്ടുപ്പാവ് ഉൾപ്പെടെ എല്ലായിടവും കൃഷിയോഗ്യമാക്കി മാറ്റുവാൻ സാധിച്ചു. ഡോക്ടർക്കും എൻജിനീയർക്കും വക്കീലിനും മറ്റേത് തൊഴിൽ ചെയ്യുന്നവർക്കും കൃഷി ചെയ്യാൻ സാധിക്കും എന്നുള്ളതാണ് കൃഷിയുടെ സാർവ്വത്രികതയെന്നും മന്ത്രി പറഞ്ഞു.

കാർഷിക മേഖലയിൽ കാലങ്ങളായി നിലനിന്ന പ്ലാനിൽ മാറ്റം വരുത്തിയ ഒരു കാലഘട്ടമാണിത്. വിളയാധിഷ്ഠിത കൃഷിയിൽ നിന്നും വിളയിടാധിഷ്ഠിത കൃഷിയിലേക്ക് കാർഷികരംഗത്തെ മാറ്റുവാൻ സാധിച്ചു. ഇതിലൂടെ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കാൻ സാധിച്ചു. കാർഷിക വിളകളെ മൂല്യവർദ്ധിത ഉൽപന്നമാക്കി മാറ്റി കൂടുതൽ വരുമാനം കർഷകർക്ക് ലഭ്യമാക്കുവാൻ ആവശ്യമായ സഹായവും ത്രിതല പഞ്ചായത്തുകളുടെ മുൻകൈയിൽ ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു. കാർഷികോത്സവം സംഘടിപ്പിക്കാൻ സാമ്പത്തിക സഹായം നൽകിയ കേരള ബാങ്കിനെയും മന്ത്രി പ്രശംസിച്ചു. വയനാട് ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളി ദുരന്തബാധിതർക്ക് ആശ്വാസമേകുകയും രാജ്യത്തിന് ആകെ മാതൃകയായി മാറുകയും ചെയ്ത ബാങ്കാണ് കേരള ബാങ്കെന്നും മന്ത്രി പറഞ്ഞു.

മാത്യൂ കുഴൽനാടൻ എംഎൽഎ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ മുഖ്യാതിഥിയായിരുന്നു. മൂവാറ്റുപുഴ മുൻസിപ്പൽ ചെയർമാൻ പി പി എൽദോസ് ആമുഖപ്രസംഗം നടത്തി. ജില്ലാ കളക്ടർ എൻ.എസ്. കെ.ഉമേഷ് ഐ.എ.എസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് കെ ജി രാധാകൃഷ്ണൻ, മുൻ എംഎൽഎ ബാബു പോൾ, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ആൻസി ജോസ് , ആവോലി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഷെൽമി ജോൺസ് , മാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഒ പി ബേബി, വാളകം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ പി എബ്രഹാം, ആയവന ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സുറുമി അജീഷ്, പായിപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് എം.എസ്. അലിയാർ, കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് സുജിത്ത് ബേബി, ആരക്കുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് ലസിത മോഹൻ, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ജോസി ജോളി, മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ സിനി ബിജു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഉല്ലാസ് തോമസ് , റാണിക്കുട്ടി ജോർജ് , ഷാൻ്റി ഏബ്രഹാം, ജില്ലാ കൃഷി ഓഫീസർ ഷെർളി സക്കറിയ, കേരള ബാങ്ക് ജനറൽ മാനേജർ ജോളി ജോൺ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ടാനി തോമസ്, കൃഷി അസിസ്റ്റൻറ് ഡയറക്ടർ സാനി ജോർജ്, ബ്ലോക്ക് സെക്രട്ടറി പ്രശാന്ത് ടിവി, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

മെയ് 12 വരെ നടക്കുന്ന കാർഷികോത്സവത്തിന്റെ ഭാഗമായി രാവിലെ 10 മുതൽ രാത്രി 10 വരെ നീളുന്ന കാർഷിക പ്രദർശനവും വിപണനമേളയും സംഘടിപ്പിച്ചിട്ടുണ്ട്.

കാർഷിക മത്സരങ്ങൾ കാർഷിക സെമിനാറുകൾ കർഷക അവാർഡ് വിതരണം, കലാസന്ധ്യകൾ തുടങ്ങിയ വിവിധ പരിപാടികൾ പരിപാടിയുടെ ഭാഗമായി അരങ്ങേറും.

സംസ്ഥാന കൃഷി വകുപ്പ്, ജില്ലാ ഭരണകൂടം, ഡിടിപിസി, മൂവാറ്റുപുഴ നഗരസഭ ഗ്രാമപഞ്ചായത്തുകൾ കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയാണ് കാർഷികോത്സവം സംഘടിപ്പിക്കുന്നത്.

# എന്റെ കേരളം 2025 പ്രദർശന മേളയിൽ താരമായി കൃഷിവകുപ്പ് സ്റ്റാളുകൾ



## കോഴിക്കോട്

രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് കോഴിക്കോട് ബീച്ചിൽ ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന വിപണന മേളകളിൽ ഒരുക്കിയ കൃഷിവകുപ്പിന്റെ സ്റ്റാളുകൾ ശ്രദ്ധേയമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷി വകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജികരിച്ചിരിക്കുന്നത്.

ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രേഷനും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെയും മില്ലറ്റ് ഉൽപ്പന്നങ്ങളുടെയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്. കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കി നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡസ്കുകളും തീം പവലിയനിൽ ഒരുക്കിയിരിക്കുന്നത് സന്ദർശകർക്ക് ഏറെ ഗുണപ്രദമായി. വിളകളിലെ രോഗ കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ് ഹെൽത്ത് ക്ലിനിക്കും പ്ലാന്റ് ഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ കൃഷി വകുപ്പ് കോഴിക്കോട് ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന പങ്കാളിത്തം കൊണ്ട് ഉദ്ഘാടന ദിവസം തന്നെ സജീവമായി. കൂടാതെ ബയോ ഫാർമസി, കേരളഗ്രോ ബ്രാൻഡ് ഉൽപ്പന്നങ്ങളുടെയും മില്ലറ്റുകളുടെയും വിപണന സ്റ്റാളുകൾ, വിവിധയിനം നെൽവിത്തുകളുടെ അപൂർവ്വ ശേഖരത്തിന്റെ പ്രദർശനം, വിവിധ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെയും ഫാമുകളുടെയും പ്രദർശന സ്റ്റാളുകൾ, വിവിധയിനത്തിൽ പെട്ട നാളികേരങ്ങളുടെ പ്രദർശനം എന്നിവ കൊണ്ട് സ്റ്റാളുകൾ എല്ലാം തന്നെ സജീവമായി. കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പ്രദർശനവുമായി കാർഷിക എൻജിനീയറിങ് വിഭാഗം ഒരുക്കിയ സ്റ്റാൾ ഏറെ ജനശ്രദ്ധ ആകർഷിച്ചു. വിവിധ കാർഷിക ഉത്പന്നങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യവും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

കൃഷിവകുപ്പ്- ആത്മയുടെ നേതൃത്വത്തിൽ വിവിധ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും ഒരുക്കിയ പ്രദർശന സ്റ്റാളുകൾ ആണ് മേളയിലെ മറ്റൊരു ആകർഷണം. കൊടുവള്ളി ബ്ലോക്ക് പരിധിയിൽ വരുന്ന ഉഷാര ഫാർമേഴ്സ് സൊസൈറ്റിയുടെ തേനും തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങളും കാക്കൂർ ബ്ലോക്ക് പരിധിയിൽ വരുന്ന ഇൻസെയിൽ അഗ്രോടെക് കൃഷിക്കൂട്ടത്തിന്റെ കൂൺ അധിഷ്ഠിത ഉൽപ്പന്നങ്ങളും കൂൺ വിത്തുകളും വിപണനത്തിനായി ഒരുക്കിയിട്ടുണ്ട്. 10 ദിവസം നീണ്ടുനിൽക്കുന്ന എന്റെ കേരളം 2025 പ്രദർശന വിപണനമേള മെയ് 13ന് അവസാനിക്കും.

## പാലക്കാട്

രണ്ടാം പിണറായി സർക്കാറിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് പാലക്കാട് ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിന് എതിർവശത്തുള്ള ഗ്രൗണ്ടിൽ ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന വിപണന മേളയിൽ ഒരുക്കിയ കൃഷിവകുപ്പിന്റെ സ്റ്റാളുകൾ ശ്രദ്ധേയമായി. വൈദ്യുത വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷി വകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജികരിച്ചിരിക്കുന്നത്.

ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രേഷനും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെയും മില്ലറ്റ് ഉൽപ്പന്നങ്ങളുടെയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്. കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കി നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡസ്കുകളും തീം പവലിയനിൽ ഒരുക്കിയിരിക്കുന്നത് സന്ദർശകർക്ക് ഏറെ ഗുണപ്രദമായി. വിളകളിലെ രോഗ കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ് ഹെൽത്ത് ക്ലിനിക്കും പ്ലാന്റ് ഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ കൃഷി വകുപ്പ് പാലക്കാട് ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന പങ്കാളിത്തം കൊണ്ട് ഉദ്ഘാടന ദിവസം തന്നെ സജീവമായി. കൂടാതെ കേരളഗ്രോ ബ്രാൻഡ് ഉൽപ്പന്നങ്ങളുടെയും മില്ലറ്റുകളുടെയും വിപണന സ്റ്റാളുകൾ, ഫാമുകളുടെ പ്രദർശന സ്റ്റാളുകൾ എന്നിവ കൊണ്ട് സ്റ്റാളുകൾ എല്ലാം തന്നെ സജീവമായി. വിവിധ കാർഷിക ഉത്പന്നങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യവും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

കൃഷിവകുപ്പ്- ആത്മയുടെ നേതൃത്വത്തിൽ വിവിധ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും ഒരുക്കിയ പ്രദർശന സ്റ്റാളുകൾ ആണ് മേളയിലെ മറ്റൊരു ആകർഷണം. കൂടാതെ കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പ്രദർശനവുമായി കാർഷിക എൻജിനീയറിങ് വിഭാഗം ഒരുക്കിയ സ്റ്റാളും പ്രസിഷൻ ഫാമിങ് സ്റ്റാളും ഏറെ ജനശ്രദ്ധ ആകർഷിച്ചു. .7 ദിവസം നീണ്ടുനിൽക്കുന്ന എന്റെ കേരളം 2025 പ്രദർശന വിപണനമേള മെയ് 10ന് അവസാനിക്കും.



NADCP- കുളമ്പുരോഗ നിയന്ത്രണ പദ്ധതി - 6-ാം ഘട്ടം - സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന -മൃഗശാല വകുപ്പ് മന്ത്രി ശ്രീമതി . ജെ . ചിഞ്ചുറാണി അവർകൾ കോഴിക്കോട് വെച്ച് നിർവഹിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh